LIBRARY ARCHIVES Kerala Legislative Assembly

വന്യജീവി ആക്രമണം

9 (*69) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകളിൽ വന്യജീവികൾ പ്രവേശിച്ചാൽ പ്രദേശ വാസികൾക്ക് എസ്.എം.എസ്. മുഖേന മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം ഏതു ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ആറളം വന്യജീവി ഡിവിഷനുമായി അതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും സൈലന്റ് വാലി ഡിവിഷനിലെ നീലിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന ഉപ്പുകളം, അമ്പലപ്പാറ എന്നീ സ്ഥലങ്ങളിലും മൂന്നാർ, മറയൂർ, മാങ്കുളം എന്നീ ഡിവിഷനിലെ വാനാതിർത്തിയോട് ചേർന്ന ജനവാസ മേഖലകളിലും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലെ ചിന്നക്കനാൽ, ശാന്തംപാറ, മറയൂർ, കാന്തല്ലൂർ, കെ.ഡി.എച്ച്.പി. കമ്പനിയുടെ കീഴിലുള്ള വിവിധ എസ്റ്റേറ്റുകൾ ഉൾപ്പെടെ അമ്പതോളം ജനവാസ മേഖലകളിലും പുനലൂർ അച്ചൻകോവിൽ ഡിവിഷനുകളിലെ ജനവാസ മേഖലകളിലും മണ്ണാർക്കാട് ഡിവിഷനിലെ 9 ജനവാസമേഖലകളിലും, പാലക്കാട് ഡിവിഷന് കീഴിലെ വാളയാർ, ഒലവക്കോട് റെയിഞ്ചുകളിലെ ജനവാസ മേഖലകളിലും എസ്.എം.എസ്. മുഖേന മുന്നറിയിപ്പ് നൽകുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനായി പ്രദേശവാസികളും ജനപ്രതിനിധികളും വനം വകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്ന് രൂപീകരിച്ചിട്ടുള്ള ജന ജാഗ്രതാ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ശേഷം അധികാരത്തിൽ വന്ന ജനപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിവരുന്നുണ്ട്. കോവിഡ് 19 തീവ്രവ്യാപനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾമൂലം പ്രവർത്തനത്തിൽ പരിമിതികൾ അനുഭവപ്പെടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വനത്തിനുള്ളിൽ വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് കേന്ദ്ര സഹായത്തോടെ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

വനത്തിനുള്ളിൽ വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. Integrated Development of Wildlife Habitat [IDWH] (15 വന്യജീവി സങ്കേതങ്ങൾക്കും 5 നാഷണൽ പാർക്കുകൾക്കും ഒരു കമ്മ്യൂണിറ്റി റിസർവ്വിനും വേണ്ടി)
2. Project Elephant (PE)
3. Project Tiger (PT)
4. Nilgiri Biosphere Reserve (NBR)
5. Agasthiyamalai Biological Reserve (ABR)
6. Forest Fire Prevention and Management Scheme (FPMS)
7. Recovery Programme for Nilgiri Tahr
8. Recovery Programme for Vulture in Wayanad Widlife Sanctuary
9. Integrated Development of Widlife Habitat to Wayanad Wildife Sanctuary for Voluntary Re-location of Settlements from Protected.

കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

10 (*70) ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര പദ്ധതികൾ നിലവിൽ പൂർത്തീകരിക്കുവാനുണ്ട്?